(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള നടപടികൾ ആരാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊതുജനങ്ങളിൽ നിന്നും ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് 22-5-2012-ലെ സ.ഉ.(സാധാ) നമ്പർ 768/2012/തൊഴിൽ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇതിനുള്ള തുടർനടപടി കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് സ്വീകരിക്കേണ്ടത്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴിയും കയറ്റിറക്ക് കൂലി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും, ബോർഡ് ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉപഭോക്തൃവില സൂചിക പുതുക്കി നിശ്ചയിക്കാൻ നടപടി

237 (929) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃവില സൂചിക പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010-ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർക്കാർ റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നത് വൈകുന്നതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉപഭോക്തൃവില സൂചിക എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ ;

(എഫ്) കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാരിന്റെ 27-8-2014 ലെ സ.ഉ.(എ.എസ്.) നമ്പർ 104/2010/ തൊഴിൽ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ പുതുക്കിയ ഉപഭോക്തൃവില സൂചിക നിർണ്ണയ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു സംസ്ഥാനതല സമിതിയായി 'കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010' രൂപീകരിച്ചത്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ചെയർമാനായും, അഡീഷണൽ ഡയറക്ടർ (പ്രൈസ്) മെമ്പർ സെക്രട്ടറിയുമായി രൂപീകരിച്ച 21 അംഗ സമിതിയിൽ ഏഴുവീതം ഔദ്യോഗിക അംഗങ്ങളും തൊഴിലുടമ പ്രതിനിധികളും, തൊഴിലാളി പ്രതിനിധികളും ഉണ്ട്. സംസ്ഥാനത്ത് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി ഉപഭോക്തൃവില സൂചിക നിർണ്ണയം കാര്യക്ഷമവും, സുതാര്യവും, സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല.

ഇത്തരത്തിൽ നിരവധി പ്രായോഗിക തലത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നതിലുള്ള കാലതാമസമല്ലാതെ ഇക്കാര്യത്തിൽ അകാരണമായി കാലതാമസം ഉണ്ടായിട്ടില്ല.

(സി) ഉണ്ട്. സർക്കാരിന്റെ 31-8-2013-ലെ സ.ഉ.(എം.എസ്) നമ്പർ.103/2013/ തൊഴിൽ പ്രകാരം കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി സമർപ്പിച്ച കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) പുതിയ ലിങ്കിംഗ് ഫാക്ടർ, മന്ത്രിസഭായോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അപ്രകാരം അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പുതുക്കിയ ഉപഭോക്തൃവില സൂചിക പ്രാബല്യത്തിൽ വരുന്നതാണ്.

(എഫ്) ഏകദേശം 600 ഓളം പേജുകളുള്ള പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടിന്റെ കോപ്പി എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly